# Athmaraksha.org

പാപ്പ ലോകത്തിനു നൽകുന്ന സന്ദേശം

## സമാധാനത്തിനു വേണ്ടി വാദിക്കുന്നവർ തന്നെ ആയുധങ്ങളും വിൽക്കുന്നതിനെതിരെ ഫ്രാൻസിസ് മാർപാപ്പ



വത്തിക്കാൻ: സമാധാന ശ്രമങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്നവർ തന്നെ ആയുധങ്ങൾ വിൽക്കുകയും ചെയ്യുന്ന കാഴ്ച്ചകളാണ് ലോകത്തിൽ നാം കാണുന്നതെന്ന് ഫ്രാൻസിസ് മാർപാപ്പ. ചിന്തിക്കുവാൻ കഴിയുന്നതിലുമപ്പുറം പണം ആയുധ വ്യാപാരത്തിനായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കൈമാറ്റം ചെയ്യുന്നുണ്ടെന്നു പറഞ്ഞ പിതാവ്, സമാധാന ശ്രമങ്ങൾക്ക് ഇത് വെല്ലുവിളിയാണെന്നും കൂട്ടിച്ചേർത്തു. കാരിത്താസ് ഇന്റർനാഷണൽ സിറിയയിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിനായി നടത്തുന്ന പ്രത്യേക പ്രചാരണ പരിപാടിയുടെ തുടക്കം കുറിച്ചുകൊണ്ട് നൽകിയ വീഡിയോ സന്ദേശത്തിലാണ് പരിശുദ്ധ പിതാവ് തന്റെ അഭിപ്രായങ്ങൾ വ്യക്തമാക്കിയത്. സമാധാനം സിറിയയിലും സാധ്യമാണെന്ന് അർത്ഥം വരുന്ന 'പീസ് പോസിബിൾ ഫോർ സിറിയ' എന്നതാണ് പുതിയ പ്രചാരണത്തിന്റെ മുദ്രാവാക്യം.

സിറിയയിലും, പ്രശ്നങ്ങൾ നടക്കുന്ന മറ്റ് രാജ്യങ്ങളിലും സമാധാന ശ്രമങ്ങൾക്ക് മുൻപന്തിയിൽ നിൽക്കുന്നവർ തന്നെയാണ് അക്രമികൾക്ക് ആയുധങ്ങളും വിൽക്കുന്നതെന്ന് ഫ്രാൻസിസ് മാർപാപ്പ പറഞ്ഞു.' വലത്തേ കൈകൊണ്ടു നിങ്ങളെ തലോടുകയും ഇടത്തേ കൈകൊണ്ടു നിങ്ങളുടെ കരണത്ത് അടിക്കുകയും ചെയ്യുന്ന വ്യക്തികളെ നിങ്ങൾക്ക് എങ്ങനെ വിശ്വസിക്കുവാൻ കഴിയും. സിറിയയിലെ ജനങ്ങൾ അനുഭവിക്കുന്ന കഷ്ടപാടുകൾ വാക്കുകളാൽ വിവരിക്കുവാൻ കഴിയില്ല. എന്റെ ഹൃദയത്തെ തീവ്രമായി വേദനിപ്പിക്കുന്ന ഒന്നായി സിറിയ മാറിയിരിക്കുന്നു. കരുണയുടെ ഈ വർഷത്തിൽ അഭിപ്രായ വ്യത്യസങ്ങളും പ്രശ്നങ്ങളും മറന്ന് നമുക്ക് ഒരുമിച്ച് ശക്തിയോടെ പ്രഖ്യാപിക്കാം. സിറിയയിൽ സമാധാനം സാധ്യമാണ്....സിറിയയിൽ സമാധാനം സാധ്യമാണ്....'മാർപാപ്പ തന്റെ സന്ദേശത്തിൽ പറയുന്നു.

ലോക നേതാക്കൾ സിറിയയുടെ പ്രശ്നം കണ്ടില്ലെന്ന് നടിക്കരുതെന്നും ഫ്രാൻസിസ് മാർപാപ്പ തന്റെ സന്ദേശത്തിൽ പറയുന്നു. ഇടവക തലങ്ങളിലും കൂട്ടായ്മകളിലും സിറിയയിലെ സമാധാനത്തിനായി പ്രാർത്ഥിക്കണമെന്നും പിതാവ് ഓർമ്മിപ്പിച്ചു. സിറിയയിൽ സൈനിക

ശക്തിയിലൂടെ കാര്യങ്ങൾ ശാന്തമാക്കുവാൻ കഴിയില്ലെന്നും പകരം രാഷ്ട്രീയ നയതന്ത്ര പ്രശ്നപരിഹാരമാണ് വേണ്ടതെന്നും പരിശുദ്ധ പിതാവ് പറഞ്ഞു.

പലതരം ദുരിതമനുഭവിക്കുന്നവരെ സഹായിക്കുവാൻ വേണ്ടി കത്തോലിക്ക സഭയുടെ നേതൃത്വത്തിൽ നടത്തുന്ന സന്നദ്ധ സംഘടനയാണ് കാരിത്താസ്. കാരിത്താസിന്റെ ഏറ്റവും വലിയ ദുരിതാശ്വാസ പദ്ധതി നടക്കുന്നത് തന്നെ തീവ്രവാദം നിറഞ്ഞാടുന്ന സിറിയയിലാണ്. സമാധാനം സിറിയയിലേക്ക് കൊണ്ടുവരുന്നതിനായി സാമൂഹ്യ മാധ്യമങ്ങളിൽ ഒരു പുതിയ പ്രചാരണത്തിന് കാരിത്താസ് തുടക്കം കുറിച്ചിരിക്കുകയാണ്. ഇതിനായി പ്രത്യേകം ഹാഷ് ടാഗും ഇവർ സൃഷ്ടിച്ചുകഴിഞ്ഞു. സിറിയയിലും സമാധാനം സാധ്യമാണ് എന്ന അർത്ഥം ഉൾക്കൊള്ളുന്ന #peacepossibles4yria എന്നതാണ് ഈ ഹാഷ്ടാഗ്. ഒരോ രാജ്യത്തേയും ഭരണാധികാരികളെ സിറിയയിൽ സമാധാനം സാധ്യമാക്കുന്നതിനായി പ്രവർത്തിക്കുവാൻ ഓർമ്മപ്പെടുത്തുക എന്നതാണ് സംഘടന ഇതിലൂടെ ലക്ഷ്യമിടുന്നത്.

അഞ്ചു വർഷമായി സിറിയയിൽ തുടരുന്ന സംഘർഷങ്ങളിൽ രണ്ടേമുക്കാൻ ലക്ഷം പേർക്ക് തങ്ങളുടെ ജീവൻ നഷ്ടമായതായിട്ടാണ് കണക്ക്. 4.6 മില്യൺ സിറിയക്കാർ അഭയാർത്ഥികളായി മറ്റു രാജ്യങ്ങളിലേക്ക് പലായനം ചെയ്തു. 8 മില്യൺ സിറിയക്കാർ തങ്ങളുടെ സ്വന്തം സ്ഥലങ്ങൾ ഉപേക്ഷിച്ച് സംഘർഷം കുറഞ്ഞ മേഖലയിലേക്ക് മാറി അഭയാർത്ഥികളായി താമസിക്കുന്നു. ്രൈകസ്തവരും യെസീദി വിഭാഗത്തിൽ ഉൾപ്പെടുന്നവരുമായ നിരവധി ആളുകളെ ഐഎസ് തീവ്രവാദികൾ കൊടും പീഡനങ്ങൾക്ക് ശേഷം കൊലപ്പെടുത്തിയിരുന്നു.

കടപ്പാട്: pravachakasabdam.com